(ഡി) ഇനിയും ശമ്പളം ലഭിക്കാനുള്ളവർ എത്രയെന്നും അവർ ആരൊക്കെയെന്നും വിശദമാക്കുമോ ;

(ഇ) ക്ലാപ്പന എസ്.വി.എച്ച്.എസ്. സ്കൂളിലെ കൊമേഴ്സ് വിഭാഗം അദ്ധ്യാപകനായ ശ്രീ. എസ്. പ്രദീപിന് കഴിഞ്ഞ നാല് വർഷക്കാലമായി ശമ്പളം ലഭിക്കാതിരിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വ്യക്തിക്കും ടിയാനോടൊപ്പം ജോലി ചെയ്തു വരുന്ന മറ്റ് മൂന്ന് അദ്ധ്യാപകർക്കും അടിയന്തരമായി ശമ്പളം ലഭിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ജി) ഈ അദ്ധ്യാപകർക്ക് ശമ്പളം നല്കാതിരിക്കുന്നതിനുള്ള കാരണം വിശദീകരിക്കുമോ ;

(എച്ച്) ധനകാര്യ വകുപ്പ് എന്തു കാരണത്താലാണ് ഈ നിയമനത്തിന് അംഗീകാരം നൽകാത്തത് എന്ന് വിശദമാക്കുമോ ;

(ഐ) നിയമനാംഗീകാരം നൽകി ഇവർക്ക് ശമ്പളം ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ) കൊല്ലം-ക്ലാപ്പന എസ്.വി. ഹയർ സെക്കണ്ടറി സ്കൂൾ.

(ബി) തസ്തിക സൃഷ്ടിച്ചതിനുശേഷം മാത്രമേ നിയമനാംഗീകാരം നൽകാൻ കഴിയുകയുള്ളൂ. തസ്തിക അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) പുതിയതായി തസ്തിക അനുവദിച്ചിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ-ജി) സ്കൂളിൽ അർഹമായ തസ്തികകൾ സൃഷ്ടിച്ചതിനുശേഷം മാത്രമേ അദ്ധ്യാപകർക്ക് ശമ്പളം നൽകാൻ കഴിയുകയുള്ളൂ.

(എച്ച്) സൃഷ്ടിക്കേണ്ട തസ്തികകൾ സംബന്ധിച്ച് ചില അധിക വിവരങ്ങൾ ധനകാര്യവകുപ്പ് ആവശ്യപ്പെട്ടിരുന്നു. അതിനാലാണ് ഈ ശിപാർശ അംഗീകരിക്കാതിരുന്നത്.

(ഐ) ഈ സ്കൂളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്.

വയനാട് ജില്ലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ

96(758) ശ്രീ. കെ. സി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ ഏതെല്ലാം ; ഈ സ്കൂളുകളിൽ ഏതു വിഷയങ്ങളിലാണ് ബാച്ച് അനുവദിച്ചിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയിൽ അധിക ബാച്ചുകൾ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകൾ ഏതെല്ലാം ; ഈ സ്കൂളുകളിൽ ഏതെല്ലാം വിഷയങ്ങളിലാണ് അധിക ബാച്ച് അനുവദിച്ചിട്ടുള്ളത് ?

ഉത്തരം

(എ) വയനാട് ജില്ലയിൽ അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളും ബാച്ചുകളും.

1. സി.എം.എസ്.ജി.എച്ച്.എസ്.എസ്., അരീപ്പറ്റ (സയൻസ്, ഹ്യൂമാനിറ്റീസ്)
2. എം.റ്റി.ഡി.എം.എച്ച്.എസ്.എസ്., തോണ്ടർനാട് (സയൻസ്, ഹ്യൂമാനിറ്റീസ്)
3. സെന്റ് തോമസ്, എച്ച്.എസ്.എസ്., നടവയൽ (സയൻസ്, ഹ്യൂമാനിറ്റീസ്)
4. സർവ്വോദയ എച്ച്.എസ്.എസ്., പനമരം (സയൻസ്, ഹ്യൂമാനിറ്റീസ്)
5. ജി.എസ്.വി.എച്ച്.എസ്.എസ്., സുൽത്താൻ ബത്തേരി (സയൻസ്, കോമേഴ്സ്)
6. ജി.എച്ച്.എസ്.എസ്.,നൂൽപ്പുഴ, (ഹ്യൂമാനിറ്റീസ്, കോമേഴ്സ്)
7. ജി.വി.എച്ച്.എസ്.എസ്.കൽപ്പറ്റ, (സയൻസ്, കോമേഴ്സ്)
8. ജി.എച്ച്.എസ്.എസ്., അച്ചൂർ, (സയൻസ്, കോമേഴ്സ്)
9. ജി.എച്ച്.എസ്.എസ്., ആറാട്ടുതറ, (സയൻസ്, കോമേഴ്സ്)
10. ജി.എച്ച്.എസ്.എസ്.,പെരിക്കല്ലൂർ, (സയൻസ്,ഹ്യൂമാനിറ്റീസ്, കോമേഴ്സ്)
11. ജി.എച്ച്.എസ്.എസ്., ആനപ്പാറ, (സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്)
12. ജി.എച്ച്.എസ്.എസ്., നീർവാരം, (സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്)
13. ജി.എച്ച്.എസ്.എസ്., വൈത്തിരി, (സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്)
14. ആർ.ജി.എം.ആർ.എസ്.,നൂൽപ്പുഴ, (സയൻസ്, ഹ്യൂമാനിറ്റീസ്, കോമേഴ്സ്).

LIBRARY ARCHIVES Kerala Legislative Assembly

(ബി) വയനാട് ജില്ലയിൽ അധിക ബാച്ചുകൾ അനുവദിച്ച സ്കൂളുകളും ബാച്ചുകളും

1. ജി.എച്ച്.എസ്.എസ്. കണിയാമ്പറ്റ (സയൻസ്)
2. ജി.എച്ച്.എസ്.എസ്., പനമരം (സയൻസ്)
3. ജി.എച്ച്.എസ്.എസ്., തലപ്പുഴ (സയൻസ്)
4. ജി.എച്ച്.എസ്.എസ്., മേപ്പാടി (ഹ്യൂമാനിറ്റീസ്)
5. ജി.എച്ച്.എസ്.എസ്., കൊളേരി (ഹ്യൂമാനിറ്റീസ്)
6. ജി.എച്ച്.എസ്.എസ്., തൃശ്ശിലേരി (ഹ്യൂമാനിറ്റീസ്)
7. ജി.എച്ച്.എസ്.എസ്., വടുവഞ്ചേരി (ഹ്യൂമാനിറ്റീസ്)
8. ജി.എച്ച്.എസ്.എസ്., കാട്ടിക്കുളം (ഹ്യൂമാനിറ്റീസ്)
9. ജി.എച്ച്.എസ്.എസ്., വെള്ളമുണ്ട (ഹ്യൂമാനിറ്റീസ്)
10. ജി.എച്ച്.എസ്.എസ്., മാനന്തവാടി (ഹ്യൂമാനിറ്റീസ്)
11. ജി.എച്ച്.എസ്.എസ്., തരിയോട് (കൊമേഴ്സ്).

ഹരിപ്പാട് നിയോജക മണ്ഡലത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ കെട്ടിടം

70(759) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ആറാട്ടുപുഴ സ്പെഷ്യൽ പാക്കേജിൽ മംഗലം, വലിയഴീക്കൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഓരോ കോടി രൂപാവീതം അനുവദിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ ;

(സി) വിദ്യാഭ്യാസ വകുപ്പിലെ ഏത് ഉദ്യോഗസ്ഥനാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ ചുമതലക്കാരൻ ;

(ഡി) നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(ഇ) കാലതാമസത്തിന് ആരാണ് കാരണക്കാരൻ എന്ന് വ്യക്തമാക്കുമോ ;

(എഫ്) പ്രസ്തുത വ്യക്തിയോട് വിശദീകരണം ആരാഞ്ഞിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly